## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 388** **17.10.2011 — ൽ മറുപടിയ്ക്ക്**

## സ്റ്റെന്റുകളുടെ വില്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ് | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | "അൻജിയോപ്ലാസ്റ്റി" ചെയ്യുന്നതിന് ഉപയോഗിക്കുന്ന 'സ്റ്റെന്റി' ന്റെ വില്പനയിൽ രോഗികൾ ചൂഷണത്തിന് വിധേയരാകുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | മെഡിക്കൽ കോളേജിൽ രോഗികൾ യാതൊരു വിധ ചൂഷണത്തിനും വിധേയമാകുന്നില്ല. |
| (ബി) | എത്ര തരം സ്റ്റെന്റുകളാണ് വിപണിയിൽ ലഭ്യമാകുന്നത്; ഇവയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രധാനമായും രണ്ടു തരം സ്റ്റെന്റുകളാണുള്ളത്<br>1. ബെയർ മെറ്റൽ സ്റ്റെന്റ്<br>2. മരുന്ന് പുരട്ടിയ സ്റ്റെന്റ്<br><br>ബെയർ മെറ്റൽ സ്റ്റെന്റ് 4 തരമുണ്ട്<br>എ) സ്റ്റെയിൻലെസ് സ്റ്റീൽ<br>ബി) കൊബാൾട്ട് ക്രോമിയം<br>സി) പ്ലാറ്റിനം കോട്ടഡ്<br>ഡി) കാർബൺ കോട്ടഡ്<br><br>ഇവയുടെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.<br><br>ബെയർ മെറ്റൽ സ്റ്റെന്റിന് വീണ്ടും ചുരുങ്ങാനുള്ള സാധ്യത 15 മുതൽ 20 % വരെയാണ്.<br><br>മരുന്നു പുരട്ടിയ സ്റ്റെന്റുകൾ വീണ്ടും ചുരുങ്ങാനുള്ള സാധ്യത 5 മുതൽ 8% വരെയാണ് |

| | | | |
|---|---|---|---|
| (സി) | സ്റ്റെന്റുകളുടെ വിലയിലുള്ള അന്തരത്തെ സംബന്ധിച്ചും സവിശേഷതകളെ കുറിച്ചും അവബോധം നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ സംവിധാനമില്ല. ഒ.പി.യിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് സ്റ്റെന്റുകളുടെ വില സംബന്ധിച്ച അവബോധം നൽകാറുണ്ട്. |
| (ഡി) | ജീവൻ രക്ഷയ്ക്കുള്ള ഇത്തരം സാമഗ്രികൾ വാങ്ങാൻ നിർബന്ധിതരാകുന്നവരെ ചൂഷണത്തിൽ നിന്ന് മുക്തരാക്കാൻ എന്തെല്ലാം നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ? | (ഡി) | സ്റ്റെന്റുകൾ, സർജിക്കൽ ഇൻപ്ലാൻസ്, മറ്റ് ശസ്ത്രക്രിയ ഉപകരണങ്ങൾ എന്നിവ രോഗികൾക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി നിർമ്മാണ കമ്പനികളുമായി സർക്കാർ നേരിട്ട് കരാറിലേർപ്പെടുകയും ടി ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി റേറ്റ് കോൺട്രാക്ട് തീരുമാനിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള മെഡിക്കൽ സ്റ്റോറുകൾ വഴി രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ HLL Life Care എന്ന സ്ഥാപനം മുഖേനയും ഇവ നൽകാനുള്ള ക്രമീകരണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ